# അമേരിക്കൻ കഥകൾ

## മിനികഥകൾ

## പതിനൊന്ന്

ജോയിക്കുട്ടി,

അന്നച്ചി, ഇന്ന് അമേരിക്കയിൽ വന്നു ചേരുന്നവര് എത്ര ഭാഗ്യമുള്ളവരാണ് എന്നാണ് എപ്പോഴും പറയുന്നത്. ആദി കാലത്ത്, അന്നച്ചി ഉൾപ്പെടെ വന്നവർ എന്തെല്ലാം സഹിച്ചും ക്ഷമിച്ചും കഴിച്ചു കൂട്ടിയിട്ടുമാണ് ഇത്രത്തോളമെത്തിയതെന്നാണ് പറയുന്നത്. അതിനാസ്പദമായ ഓരോ കഥകളാണ് ഇപ്പോൾ ഓരോ ദിവസവും പറഞ്ഞു കൊണ്ടിരിക്കുന്നത്. ലോകത്തിന്റെ നാനാഭാഗത്തു നിന്നും ഇത് വായിച്ചറിയാൻ വ്യഗ്രത ഉള്ളവർ ഉണ്ടെന്നറിയുമ്പോഴാണ് പിന്നേയും പിന്നേയും പറയാനും ആയത് എഴുതാനുമുള്ള പ്രോത്സാഹനം കിട്ടുന്നത്. എന്നാൽ ഈ കഥകളിലെ അല്പം മ്ലേഛകരമായ കാര്യങ്ങൾ എഴുതുന്ന എനിക്ക് ഒഴിവാക്കാൻ പറ്റത്തില്ല. എന്നാൽ അന്നച്ചി പറയുന്നതുപോലെ എഴുതിയാൽ നിങ്ങൾ ആരും ഒരു പക്ഷേ വായിക്കത്തില്ലായിരിക്കാം; അത്രയ്ക്ക് മ്ലേഛകരമായ വിധത്തിൽ അശ്ലീല മയമാണ്.

റോസമ്മ അമേരിക്കയിൽ വന്നത് ഏകദേശം അന്നച്ചി വന്ന് അധികം കാലതാമസം കൂടാതെയാണ്. അന്നച്ചി വന്ന ഇന്ത്യയിലെ പട്ടണത്തിൽ നിന്നല്ലങ്കിലും, ഇന്ത്യയിലെ ഒരു വലിയ പട്ടണത്തിൽ നിന്നു തന്നെയാണ്. അന്നച്ചിയെ സ്പോൺസർ ചെയ്തതു പോലെ, ആ സ്ഥലത്തു തന്നെയുള്ള വേറൊരു വല്ല്യ ആശുപത്രിയിൽ നിന്നു തന്നെ ആയിരുന്നു. അന്നച്ചിയെ താമസിപ്പിച്ചതുപോലെ തന്നെ ആ ആശുപത്രിയിലെ ഡയറക്ടർ ഓഫ് നേഴ്സിന്റെ കൂടെ തന്നെ ആയിരുന്നു പാവം റോസമ്മയും ആദിയിൽ താമസിച്ചത്. ഈ കെട്ടാ മറുതകൾ, ഇവരെ രണ്ടു പേരേയും ഒരു പോലെ ഉപയോഗിച്ചിരുന്നു. എന്നാൽ ഈ രണ്ടു പേരേയും അവർ പൊന്നു പോലെ സംരക്ഷിച്ചിരുന്നു എന്നതാണ് സത്യം. അന്നച്ചി ഏറെ കാലം അവിടെ തന്നെ താമസിച്ച് ജോസഫ് അച്ചായൻ വരാറായപ്പോഴാണ് വേറേ മാറി താമസിച്ചത്.

റോസമ്മ വലിയ താമസം കൂടാതെ മാറി താമസിച്ചു. ആശുപത്രി വക ക്വാട്ടേഴ്സ് ഉണ്ടായിരുന്നിടത്താണ് റോസമ്മ താമസിച്ചത്. അവൾ അമേരിക്കയിൽ വരുമ്പോൾ വിവാഹം കഴിച്ചിരുന്നില്ല. അവൾ കാണാനും അന്നച്ചിയെപോലെ വളരെ സുന്ദരി ആയിരുന്നു. ഇവർ രണ്ടു പേരും വളരെ നീളം ഉള്ളവരും മെല്ലിച്ച ശരീരം ഉള്ളവരുമായിരുന്നു. തന്മൂലം ഇവരിൽ ആരെങ്കിലും ഏതു ജനമദ്ധ്യത്തിൽ നിന്നാലും ആൾക്കാർ ഇവരെ വളരെ ശ്രദ്ധിക്കുമായിരുന്നു. ഇവരെ ഇവരുടെ വീട്ടിൽ ഉള്ള അപ്പനും അമ്മയുമുൾപ്പെടെ എല്ലാവരും സുന്ദരീ എന്നാണ് വിളിച്ചിരുന്നത്.

ക്വാട്ടേഴ്സിലാണെങ്കിലും തനിയെ താമസിക്കുന്ന സുന്ദരി ആയ ഇന്ത്യാക്കാരിക്ക് ഉണ്ടാകാവുന്ന എല്ലാ പ്രയാസങ്ങളും അവക്കുണ്ടായിരുന്നു. ഡോക്ടേഴ്സ് മുതൽ ആ ആശുപത്രിയിലുള്ള തൂപ്പുകാരു വെരെയുള്ള പല ആണുങ്ങളും പാവം അവളുടെ മേൽ കയറി ഇറങ്ങി. എല്ലാം ക്ഷമയോടെ സഹിച്ചു. കേരളത്തിലുള്ള മാതാപിതാക്കളുൾപ്പെടെയുള്ള വളരെ അധികം ആൾക്കാരുടെ പ്രതീക്ഷയാണ് അന്നും ഇന്നും അമേരിക്കയിലുള്ളവരെക്കുറിച്ച്. അപ്പോൾ എല്ലാം സഹിക്കുക അല്ലാതെ ആ കാലങ്ങളിൽ മറ്റു മാഗ്ഗങ്ങളില്ലായിരുന്നു.

ഒരിക്കൽ റോസമ്മയ്ക്ക് കാർ വാങ്ങേണ്ടി വന്നു. അതല്ലങ്കിൽ അവിടെ പല കാര്യങ്ങൾക്കും പോകണമെങ്കിൽ പല ആൾക്കാരുടേയും സഹായം വേണ്ടിയിരുന്നു. അങ്ങിനെ ആ കാലഘട്ടത്തിൽ സഹായിച്ച ആണുങ്ങൾ എല്ലാം അവളെ ഉപയോഗിച്ചു. അതെല്ലാം ക്ഷമയോടെസഹിച്ചു. അങ്ങിനെ സഹികെട്ടപ്പോളാണ് കാർ വാങ്ങാൻ തീരുമാനിച്ചത്. അമേരിക്കയിൽ കാർ വാങ്ങണമെങ്കിൽ അല്പം തുക ആദ്യം കൊടുത്ത ശേഷം ബാക്കി തുക തവണകളായി കൊടുത്തു തീർത്താൽ മതി. അമേരിക്കയിൽ ജീവിക്കണമെങ്കിൽ എല്ലാ കാര്യങ്ങൾക്കും രൊക്കം പണം വേണ്ടാ; പകരം ക്രെഡിറ്റ് റിക്കാഡ് വളരെ നല്ലതായിരിക്കണം. നമ്മൾ എവിടെ നിന്നെങ്കിലും ഒരു തുക വായ്പ വാങ്ങിയിട്ടുണ്ടെങ്കിൽ അത് വളരെ കൃത്യമായി കൊടുത്തിട്ടുണ്ട് എന്ന റിക്കാഡാണ് ക്രെഡിറ്റ് റിക്കാഡ്. അതു മോശമാണെങ്കിൽ, പിന്നെ അമേരിക്കയിലെ ജീവിതം വളരെ പ്രയാസമുള്ളതാണ്.

റോസമ്മയ്ക്ക് അങ്ങിനെ ക്രഡിറ്റ് റിക്കാഡില്ല. അപ്പോൾ അങ്ങിനെയുള്ള ഒരാൾക്ക് കടം കൊടുക്കണമെങ്കിൽ ആരെങ്കിലും അങ്ങിനെ ക്രെഡിറ്റ് റിക്കാഡുള്ള ഒരാൾ കോസൈൻ ചെയ്യണം. ഏതെങ്കിലും കാരണവശാൽ റോസമ്മ ഈ കടം വാങ്ങിയ പണം കൊടുത്തില്ലങ്കിൽ ഈ കോസൈൻ ചെയ്യുന്ന ആളിൽ നിന്നും അവർ ബാക്കി പണം ഈടാക്കും.

റോസമ്മ അമേരിക്കയിൽ വന്ന ശേഷം അമേരിക്കയിൽ വന്നതാണ് ചിന്നമ്മച്ചിയെങ്കിലും, പെട്ടന്നു തന്നെ അവളുടെ ഭർത്താവ് പൊന്നച്ചൻ അമേരിക്കയിൽ വരികയും ഈ വക കാര്യങ്ങളിൽ പെട്ടന്ന് ബോധവാനാകയും ചെയ്തു. അപ്പോൾ റോസമ്മയ്ക്ക് കാർ വാങ്ങാൻ കോസൈൻ ചെയ്യാനും സഹായിക്കാനും അയാളെ കൊണ്ട് സാധിക്കുമെന്നവൾക്കു മനസ്സിലായി. എന്നാലും അവൾ ചിന്നമ്മച്ചിയോടെ സഹായം ചോദിച്ചു. പൊന്നച്ചനോട് ആവശ്യപ്പെടാനാണ് അവൾ തന്മയത്വമായി പറഞ്ഞത്.

പൊന്നച്ചനോടവൾ സഹായം അഭ്യത്ഥിച്ചു. നാളെ വൈകിട്ട് ഞാൻ റോസമ്മയുടെ താമസസ്ഥലത്ത് വരാം. എന്റെ കൂടെ സഹകരിച്ചാൽ ഞാൻ എല്ലാം ചെയ്തു തരാം. അടുത്ത ഒരാഴ്ച ചിന്നമ്മച്ചിക്ക് രാത്രി ജോലി ആയതിനാൽ അയാൾ ആ ഒരാഴ്ച മുഴുവൻ രാത്രി റോസമ്മയുടെ കൂടെ ചിലവഴിച്ചു. അവൾക്ക് കാറിനു വേണ്ടതായ ഇൻഷുറൻസുൾപ്പെടെ എല്ലാ സഹായവും അയാൾ ചെയ്തു കൊടുത്തു. നല്ല പുത്തൻ കാർ ഒരെണ്ണം വാങ്ങി. അപ്പോഴേ അവൾ മനസ്സിൽ കരുതി: പൊന്നച്ചന് പാര പണിയണമെന്ന്. ആ ഒരാഴ്ചക്കു ശേഷം അയാൾ പിന്നേയും അവളെ വീശി പിടിക്കാൻ ശ്രമിച്ചെങ്കിലും, അവൾ വഴുതി മാറി മാറി പോയി. അയാളുടെ കൂടെ സഹകരിക്കാമെന്നു വെച്ചാൽ, അവൾക്കിഷ്ടമല്ലാത്ത പലതും ചെയ്യാൻ അയാൾ നിബന്ധിക്കും. മറ്റെല്ലാ കാര്യങ്ങൾക്കും അവൾക്ക് വിരോധമില്ലായിരുന്നു. ഏകദേശം രണ്ടു വഷം അങ്ങിനെ കഴിഞ്ഞപ്പോൾ അവൾ, അവളുടെ പുത്തൻ വണ്ടിയുമായി അവിടെ നിന്നും വളരെ ദൂരെയുള്ള ഒരു സ്ഥലത്തേ ഒരാശുപത്രിയിൽ ജോലി വാങ്ങി കടന്നു കളഞ്ഞു. അങ്ങിനെ പൊന്നച്ചന് എട്ടിന്റെ പണികൊടുത്തു. അത് അയാൾക്കും ഒരു പാഠമായി. ഒരാഴ്ച അയാളെന്നെ ഉപയോഗിച്ചതല്ലേ, അയാൾ കൊടുക്കട്ടെ എന്നായിരുന്നു അവളുടെ ഭാഷ്യം.

കഷ്ടപ്പെട്ട് ഉണ്ടാക്കുന്ന പണം, ഫെഡറൽ, സ്റ്റേറ്റ്, സിറ്റി എന്നിത്യാദി ടാക്സ് പിന്നെ വണ്ടിയുടെ പേയ്മെന്റ് വണ്ടിയുടെ ഇൻഷറൻസ്, അപ്പാട്ടുമെന്റു വാടക എല്ലാം കഴിഞ്ഞ് കിട്ടുന്ന തുകൊണ്ട് കഷ്ടിച്ച് ചെലവു കഴിയാനേ ഉള്ളൂ എന്നവൾക്കു മനസ്സിലായി; അവൾ പെട്ടന്ന് കേരളത്തിൽ പോയ് വിവാഹം കഴിച്ച് മടങ്ങി വന്നു. ഇതെല്ലാം കഴിഞ്ഞ് വരുന്നവനും പോകുന്നവനുമെല്ലാം, അവരുടെ സൗകര്യാത്ഥം കിടന്നു കൊടുക്കുകയും വേണം. കേരളത്തിൽ ഉള്ളവർ പറയുന്നത്: അമേരിക്കയിൽ ഉള്ളവരെല്ലാം സുഖിക്കുകയാണെന്നാണ്.